പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2672 | 09/05/2017 ൽ മറുപടിക്ക്

## സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **എ)** സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം 02/05/2016 മുതൽ നടപ്പിലാക്കുന്നതിനായി 04/03/2016-ലെ G.O(P)No.14/16/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള തീയതി 01/05/2017 ആയി നിശ്ചയിച്ച് G.O(P) No.15/17LSGD dated 24/03/2017 പ്രകാരം സർക്കാർ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 29/04/2017-ലെ G.O(Rt) No.1367/17/LSGD നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തീയതി 30/06/2017 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| **ബി)** ഏത് ഏജൻസിയെയാണ് ഇത് നടപ്പിലാക്കുവാനായി ചുമതലപ്പെടുത്തിയിട്ടുള്ളത്? | **ബി)** ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി സാംസ്കാരിക ക്ഷേമനിധി ബോർഡിനെയും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ